Srimathi P. Thankamma (*Nominated*): ഞാൻ ഈ ഡിമാൻറിനെ അനുകൂലിക്കുന്നു. എന്നാൽ ചില കാൎയ്യങ്ങളെപ്പററി പറയാനുണ്ട്. മോദ്ധാരണത്തിന് എന്നു ലക്ഷം രൂപയോളം ഈയാണ്ടിൽ ചെലവിടാൻ ഉദ്ദേശിക്കുന്നുണ്ടല്ലോ. ഗ്രാമങ്ങളിൽ, റോഡുകളോ തോടുകളോ കിണറുകളോ, അഞ്ചലാഫീസ്സുകളോ, ആശുപത്രികളോ, ഈ തുകകൊണ്ടു, ഉണ്ടാക്കിയതുകൊണ്ടുമാത്രം മതിയാകുന്നില്ല. ശരിയായ സംഘടനയിൽ കുടിൽ വ്യവസായകേന്ദ്രങ്ങൾ സ്ഥാപിച്ചു ഗ്രാമീണൎക്കു തൊഴിൽ ഉണ്ടാക്കിക്കൊടുക്കുക തന്നെ വേണ്ടിയിരിക്കുന്നു. അതിലേക്കു രാജധാനിയിൽ സ്ഥിതിചെയ്യുന്ന വ്യവസായ ഡിപ്പാൎട്ടുമെൻറിൽ കുടിൽ വ്യവസായപരിശീലനാൎത്ഥം തിരുവിതാംകൂറിലെ അസംസ്കൃത സാധനങ്ങളെ ഉപയോഗപ്പെടുത്തി ഉണ്ടാക്കാവുന്ന സാമാനങ്ങൾ നിൎമ്മിക്കുന്നതിലേക്കുള്ള പരിശീലനം നല്കി വില്ലേജു യൂണിയൻറെയോ മററതെങ്കിലും സംഘടനകളുടേയോ നേതൃത്വത്തിൽ ഗ്രാമോദ്ധാരണ പദ്ധതി നടപ്പിലാകുമ്പോൾ, ആ സംഘങ്ങളുടെ നേതൃത്വത്തിൽ അതാതു സ്ഥലങ്ങൾക്കു അനുയോജ്യമായ കുടിൽവ്യവസായ പരിശീലനം ഗ്രാമീണൎക്കു നല്കുന്നതിനും, തദ്വാരാ അവരുടെ നിത്യവൃത്തിക്കുള്ളവ ആൎജ്ജിക്കുന്നതിനുംവേണ്ട സൗകൎയ്യങ്ങൾ ചെയ്തുകൊടുക്കേണ്ടതാണ്. എന്നാൽ ഇന്നിവിടത്തെ വ്യവസായ ഡിപ്പാൎട്ടുമെൻറിൽനിന്നും നടത്തിവരുന്ന kora grass mat weaving ക്ലാസ്സുതന്നെ അടുത്ത കൊല്ലം മുതൽ നിറുത്താനുദ്ദേശിക്കുന്നതായിട്ടാണ് അറിയുന്നതു്. ഇതു വളരെ പരിതാപകരമായ ഒരു സംഗതിയാണെന്നും പറയാതെ നിവൃത്തിയില്ല. ഈ ചുരുങ്ങിയ സമയത്തിനുള്ളിൽ വ്യവസായ ഡിപ്പാൎട്ടുമെൻറിലെ ഈ ക്ലാസ്സിൽ നിന്നും പരിശീലനം ലഭിച്ചിട്ടുള്ള കുട്ടികൾമൂലം നാലഞ്ചു സ്ഥലങ്ങളിൽ ഈ വ്യവസായം ആരംഭിക്കാനിടയായിട്ടുണ്ടെന്നും അവ ആദായകരമാണെന്നും എനിക്കു നേരിട്ടു ബോദ്ധ്യമായിട്ടുള്ളതാണ്. ഇതിലേക്കു വേണ്ട സാമഗ്രികൾ ശേഖരിക്കുന്നതിനും വേണ്ട മററു ഉപദേശങ്ങൾ നല്കുന്നതിനും ഒരു സെൻറർ ഉണ്ടായിരിക്കേണ്ടതും, അതിനു ഡിപ്പാൎട്ടുമെൻറിലെ ക്ലാസ്സു ഏതാണ്ടുപകാരപ്പെട്ടുകൊണ്ടിരുന്നിട്ടുള്ളതുമാണ്. അതിനാൽ ഈ മാതിരി ഉള്ള വ്യത്യാസങ്ങളെ പോഷിപ്പിക്കേണ്ട ഈ അവസരത്തിൽ ഉള്ളതിനെക്കൂടെ നിറുത്തൽ ചെയ്യരുതെന്നു അപേക്ഷിക്കുന്നു. ഗ്രാമോദ്ധാരണം മൂലം ഗുണം സിദ്ധിക്കേണ്ടവർ സ്ത്രീകളാണ്. വീട്ടിനുവെളിയിൽ പോയി തൊഴിൽ ചെയ്യാൻ നിവൃത്തിയില്ലാത്തവൎക്കു കുടിൽവ്യവസായങ്ങൾ ഉണ്ടായില്ലെങ്കിൽ അലസത വൎദ്ധിക്കുന്നതിനും തന്മൂലം

അനാശാസ്യമായ പല സംഗതികൾ സംഭവിക്കുന്നതിനും ഇടയാകാവുന്നതുമാണ്. അതിനാൽ കുടിൽവ്യവസായം പോഷിപ്പിക്കണം. അടുത്തതായി എനിക്കു പറയാനുള്ളതു് നെയിത്തുകാൎക്കു അത്യാവശ്യമുള്ള നൂലോ ജനങ്ങൾക്കാവശ്യമുള്ള തുണിയോ കിട്ടുന്നില്ലെന്നുള്ളതാണ്. എന്നാൽ കിട്ടുന്നതുണിയും, നൂലും ശരിയായി എല്ലാപേൎക്കും ഒന്നുപോലെ കിട്ടിയാൽ മതിയായിരുന്നു. അതിന് ആഹാരസാധനങ്ങൾക്കുള്ളതുപോലെ റേഷൻ കാർഡ് ഏൎപ്പാടിൽ വരുന്നതു നല്ലതാണ്. അതിൽ ഓരോരുത്തരുടെ സ്ഥിതി അനുസരിച്ചുള്ള ചരക്കുകൾ കൊടുക്കുന്നതിനുകൂടി വ്യവസ്ഥ വേണ്ടതാണ്. എല്ലാപേൎക്കും ഒന്നുപോലെ ഉള്ളവ വിതരണം ചെയ്താൽ സാധുക്കൾക്കു വാങ്ങിക്കാനും മററുള്ളവൎക്കു് അതു ധരിക്കാനും പ്രയാസമായിരിക്കും. ഇന്നു കൊടുത്തുവരുന്നതു് ഒരാളിനു് ൨ ൪ ഇഞ്ചു് തുണിയാണ്. അതു് ഒരു കുട്ടിക്കുപോലും മതിയാകുന്നതല്ല. പിന്നെ പി. ഡബ്ലിയു. ഡി-യെപ്പററി പറയുമ്പോൾ രാജധാനിയിൽ ഉള്ള പല റോഡുകളും സഞ്ചാരസൗകൎയ്യമില്ലാതെയാണ് കിടക്കുന്നതു് എന്നു പറയാതെ തരമില്ല. ഉദാഹരണത്തിന് പൂജപ്പുര മണ്ഡപം മുതൽ പാങ്ങോട്ടു ലയിനിലേക്കുള്ള റോഡിനു ശരിയായ മെയിൻറനൻസ്സ കിട്ടിയിട്ടു രണ്ടു കൊല്ലങ്ങളായിട്ടുണ്ടു്. ആണ്ടുതോറും ഇപ്പോൾ നടത്തിവരുന്ന മെയിൻറനൻസ് ഒരു തവണ നേരേ ചെയ്തിരുന്നെങ്കിലും ഇത്ര വിഷമത വരികയില്ലായിരുന്നു. ദിവാൻ പ്രസിഡൻറിൻെറ പ്രസ്താവനയിൽ അതാതു സ്ഥലത്തെ ജനങ്ങൾ മുമ്പോട്ടുവന്നു റോഡിൻെറ ജോലി കാൺട്രാക്ററു് എടുക്കാമെങ്കിൽ ഗവൺമെൻറു് അവരെ അതു ഏല്പിക്കാൻ തയ്യാറാണെന്നു പ്രസ്താവിച്ചല്ലോ. ഈ റോഡിൻെറ സ്ഥിതി ആലോചിച്ചിട്ടു ഞാനതു് ഏൾക്കട്ടോ എന്നു ചോദിക്കുന്നു. പക്ഷെ അതിൽ ഒരു സന്ദേഹമാണുള്ളതു്. വല്ലവിധത്തിലും പണമുണ്ടാക്കി ജോലിതീൎത്തു ബില്ലുകൾ കൊടുത്താൽ പണം സമയത്തിനു കിട്ടുകയില്ലെന്നുള്ളതാണ്. grant-in-aid -ലും മററും കിട്ടേണ്ട തുകകൾതന്നെ ബില്ലുകൾ ഹാജരാക്കിയാൽ കിട്ടാൻ താമസിക്കുന്നു. വ്യവസായ വായ്പ അനുവദിച്ച പണം വാങ്ങുന്നതിന് ഈ മൂന്നു ദിവസങ്ങളായി നടന്നിട്ടുകിട്ടിയില്ല. അതിനു ഡിപ്പാൎട്ടുമെൻറിൽനിന്നും അഡ്വൈസറി സ്ലിപ്പു കിട്ടിയിട്ടില്ലെന്നാണു കാരണം പറയുന്നതു്. അഡ്വൈസറി സ്ലിപ്പു ഡിപ്പാൎട്ടുമെൻറിൽ നിന്നും ൧൦-ാംനു- അഞ്ചലിൽ അയച്ചിട്ടു ഇതുവരെ ഇവിടെ കിട്ടിയിട്ടില്ല. അഞ്ചൽ കാൎയ്യം

[Srimathi P. Thankamma.]

പറഞ്ഞതിൽ എനിക്ക് ഒരു സംഗതികൂടെ ഓർമ്മവരുന്നു. അഞ്ചൽ ശിപായിമാക്കു കൂടിയും, ഉടുപ്പും, ശമ്പളക്കൂടുതലും വേണമെന്ന് അവർ പരക്കെ പരാതിപ്പെടുന്നു. ബഹുമാനപ്പെട്ട ഗവൺമെൻറിൻെറ ദയാദൃഷ്ടി ഈ വിഷയത്തിൽക്കൂടി പതിയണമെന്നപേക്ഷിക്കുന്നു.

Mr. N. Madhavan Nambudiri (*Travancore Jenmies*): സർ, അഭ്യർത്ഥനയെ ഞാൻ അനുകൂലിക്കുന്നു. അതോടുകൂടി ഇവിടെ സമർപ്പിച്ചതായ ബഡ്ജററിനെപ്പററി ക്രമപ്രശ്നമായി വളരെ വന്നിരിക്കുന്ന ബഡ്ജററിനെപ്പററി ഗവൺമെൻറിനെ അനുമോദിക്കുന്നു. ജനറൽ അഡ്മിനിസ്ട്രേഷനെപ്പററി പറയുമ്പോൾ എനിക്ക് ആദ്യമായി പറയാനുള്ളതു ഗ്രാമോദ്ധാരണത്തെപ്പററിച്ചാണ്. ഗ്രാമോദ്ധാരണത്തിനുവേണ്ടി ഗവൺമെൻറ് ഒരു നല്ല തുക ചിലവിടുവാൻ തീരുമാനിച്ചിട്ടുള്ളതായി അറിയുന്നതു സന്തോഷംതന്നെയാണ്. ഈ തുക ഇവിടത്തെ മുപ്പതു താലൂക്കിലും, ഓരോ താലൂക്കിൻെറ ആവശ്യമനുസരിച്ചു വീതിച്ചു, എല്ലാ വില്ലേജിലും ഈ കൊല്ലത്തിൽ തന്നെ പ്രവർത്തനം സമാരംഭിക്കത്തക്കവിധത്തിൽ ഏർപ്പാടു ചെയ്യേണ്ടതാണ്. അതായതു, താലൂക്കുകളിൽ വീതിച്ചുകൊടുത്താൽ, ഓരോ താലൂക്കിലും ആ താലൂക്കിലെ ആവശ്യം അനുസരിച്ചു വിതിച്ചുകൊടുക്കാനുള്ള അധികാരം അതാതു താലൂക്കിലുള്ള തഹശീൽദാരന്മാക്കുണ്ടായിരിക്കണം. തഹശീൽദാരന്മാരുടെ മേൽനോട്ടത്തിൽ വില്ലേജു യൂണിയൻ ഓരോ പകുതിയിലും സ്ഥാപിച്ച് ആ യൂണിയൻ മുഖാന്തിരമോ അല്ലെങ്കിൽ അവിടെയുള്ള സഹകരണസംഘം മുഖേനയോ ആ കൃത്യം നിർവ്വഹിക്കേണ്ടതാണ്. കുടിൽവ്യവസായവും കൃഷിയും വർദ്ധിപ്പിക്കുന്നതിനു വേണ്ടി ഈ പണം ചെലവു ചെയ്യുന്നതു ഗ്രാമങ്ങൾക്കു കൂടുതൽ പ്രയോജനകരമാണ്. വടക്കൻ തിരുവിതാംകൂറിൽ ഗ്രാമപ്രദേശത്തുള്ള വില്ലേജുകളിൽ മിക്കസ്ഥലത്തും ശുദ്ധജലം തന്നെ കിട്ടുന്നില്ല. കായലോരത്തും കടലോരത്തും താമസിക്കുന്നതു മിക്കവാറും സാധുക്കളായ അധഃകൃതവർഗ്ഗത്തിൽ പെട്ടവരാണ്. അവർക്കു ശുദ്ധജലം കിട്ടാതെ വളരെ വിഷമിക്കുന്നു. വിദ്യാഭ്യാസത്തിലാണെങ്കിൽ അവർ വളരെ പിന്നോക്കമാണ്. ആ പ്രദേശങ്ങളിൽ താമസിക്കുന്നവർക്കു ശുദ്ധജലം കിട്ടുന്നില്ല. അവിടെ സാനിട്ടേഷൻ വളരെ മോശമാണ്. അവിടത്തെ ഗ്രാമങ്ങളിൽ ഗ്രാമോദ്ധാരണപദ്ധതി നടപ്പിൽ വരുത്തിയാൽ അവശരായ അവരുടെ ഇന്നുള്ള വിഷമത്തിനു പരിഹാരമുണ്ടാക്കാൻ സാദ്ധ്യമാണ്. അതുപോലെതന്നെ കുടിൽവ്യവസായം

ഗ്രാമങ്ങൾതോറും വർദ്ധിപ്പിക്കുകയാണെങ്കിൽ അവിടെയുള്ള മററു വിഷമങ്ങൾക്ക് അതായത് ആഹാരം മുതലായ സാധനങ്ങൾക്കുള്ള വിഷമങ്ങൾക്കും ഒരു പരിഹാരം ഉണ്ടാകുന്നതാണ്.

ഇനി, ചേർത്തല അതായത് എൻെറ നാടായ ചേർത്തലയെപ്പററിയാണ് എനിക്ക് അല്പം പറയുവാനുള്ളത്. ചേർത്തല താലൂക്ക് എല്ലാംകൊണ്ടും നല്ല മുതലെടുപ്പ് ഉള്ള ഒരു സ്ഥലമാണ്. തിരുവിതാംകൂറിൽ ചേർത്തല താലൂക്കാണ് ശുദ്ധജലം കിട്ടാൻ ഏററവും പ്രയാസമായ സ്ഥലം. അവിടെ സാനിട്ടേഷൻ വളരെ മോശമാണ്. ഈ വക കാര്യത്തിൽ ഞങ്ങൾ കുറേക്കാലമായി ഗവണ്മെൻറിനെ സമീപിച്ചുകൊണ്ടാണിരിക്കുന്നത്. ചേർത്തല ഒരു മുൻസിപ്പാലററി വേണം എന്ന കാര്യത്തിലാണ്. മുൻസിപ്പാലിററി ഉണ്ടായാൽ അവിടെ സാനിട്ടേഷൻ ഏർപ്പെടുത്താനും ഞങ്ങളുടെ ആവശ്യങ്ങൾ ഗവണ്മെൻറിനെ അറിയിക്കാനും കൂടുതൽ സൌകര്യമുണ്ടാകുമെന്നാണ് എൻെറ വിശ്വാസം. അതുകൊണ്ട് ഞങ്ങൾക്ക് അടുത്ത മാസിയിൽതന്നെ ചേർത്തല ഒരു മുൻസിപ്പാലററി അനുവദിച്ചുതരണമെന്നപേക്ഷിക്കുന്നു.

പിന്നെ, വേറൊന്നു പറയാനുള്ളത്, ചേർത്തല താലൂക്കിൽ കുത്തിയതോട് എന്ന സ്ഥലത്ത് മുമ്പ് ഒരു പോലീസ് ചാർജ്ജിങ്ങ് സ്റ്റേഷൻ ഉണ്ടായിരുന്നു. അവിടം ഒരു നല്ല കച്ചവടസ്ഥലമാണ്. ജനബാഹുല്യമുള്ള സ്ഥലമാണ്. കൂടാതെ ധാരാളം വ്യവസായങ്ങളും ഉണ്ട്. അതിനാൽ അവിടെ ഒരു ചാർജിങ്ങ് സ്റ്റേഷൻ അത്യാവശ്യമാണ്. ഇപ്പോൾ അവിടെ, ഞങ്ങൾക്ക് എന്തെങ്കിലും സംഭവം ഉണ്ടായാൽ അവിടെനിന്നും ആറേഴു മൈൽ അകലെയുള്ള അരൂക്കുററിയിൽ ഉള്ള ചാർജിങ്ങ് സ്റ്റേഷനിൽ പോയി വേണം കാര്യം അറിയിക്കാൻ. അവിടെ പോകാൻതന്നെ വളരെ വിഷമമുണ്ട്. അതുകൊണ്ട് ഞങ്ങൾക്ക് അവിടെ കുത്തിയതോട്ടിൽ ഒരു പോലീസ് ചാർജിങ്ങ് സ്റ്റേഷൻ സ്ഥാപിച്ചുതരുന്നത് ഏററവും ഉപകാരപ്രദമായിരിക്കും

ഇനി, വിതരണകാര്യത്തെപ്പററി പറയാം. അരി മുതലായ റേഷൻ സാധനങ്ങളുടെ വിതരണകാര്യത്തെപ്പററി പറയുമ്പോൾ, ചേർത്തലക്ക് ഒരു പ്രത്യേകത ഉണ്ടെന്ന് പറയാതെ തരമില്ല. അതായത് ചേർത്തലയിൽ അരി കുറഞ്ഞുപോയാൽ അതിനുപകരം ആഹാരസാധനമായി അവിടെ വേറെ ഒന്നും കിട്ടുകയില്ല. ഈ കാര്യം

[Mr. N. Madhavan Nambudiri.]

ഇതിനുമുമ്പും ഞാൻ ഇവിടെ പറഞ്ഞിട്ടുണ്ട്. അവിടെ അരി ന്യായമായ വിധത്തിൽ കിട്ടിയില്ലെങ്കിൽ അരിക്കു പകരം മരച്ചീനിയോ മററു കിഴങ്ങുവർഗ്ഗങ്ങളോ യാതൊന്നും തന്നെ കിട്ടുകയില്ല. അതിനാൽ അരി ശരിയായ വിധം കിട്ടിയില്ലെങ്കിൽ പിന്നെ പകരം വെള്ളമണൽ അല്ലാതെ വേറെ ഒന്നുംതന്നെ ഇല്ല. അതുകൊണ്ട് ഞങ്ങളുടെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധ പതിപ്പിച്ചില്ലെങ്കിൽ ഞങ്ങൾക്കു കൂടുതൽ വിഷമം ഉണ്ടാകുമെന്ന് ബഹുമാനപ്പെട്ട ഗവർമെൻറ് ധരിക്കണമെന്ന് അപേക്ഷിക്കുന്നു. ഇതാണ് ഞങ്ങൾക്ക് ആ താലൂക്കിനെ പററി പ്രത്യേകം കൂടുതലായി പറയാനുള്ളത്. ഇപ്പോൾതന്നെ കുത്തിയതോട്ടിൽ ഒരു പഞ്ചായത്ത് അനുവദിച്ചിട്ടുണ്ട്. എന്നാൽ അതു നടപ്പിൽ വന്നിട്ടില്ല. ആ പഞ്ചായത്തു നടപ്പിൽ വരുമ്പോൾ സാനിട്ടേഷൻ കുറെച്ചൊക്കെ നന്നാകും എന്ന് വിശ്വസിക്കുന്നു. പിന്നെ അവിടെ തുറവൂർനടക്കൽ ഒരു കിണറു കുഴിക്കാൻ അനുവദിച്ചിട്ട് കാലം കുറെ ആയി. എനിക്കു തോന്നുന്നത് നാലഞ്ചുകൊല്ലമായി എന്നാണ്. അതു ഉടനടി നടപ്പിൽവരുത്തിത്തരണമെന്ന് അപേക്ഷിക്കുന്നു. ഇപ്പോൾ തുടർച്ചയായി നാലഞ്ചുകൊല്ലമായിട്ടു തിരുമല—മാക്കേ റോഡ് ബഡ്ജററിൽ കൊള്ളിച്ചുവരുന്നുണ്ട്. എന്നാൽ ഇതുവരെ യാതൊരു ജോലികളും ഇന്നും നടപ്പിൽ വന്നിട്ടില്ല. വെള്ളത്തുള്ളി ചവുക്കവരെ റോഡ്—ഇപ്പോൾ ഇവിടെ കല്ലിടാത്തറോഡ് ആണ് ഉള്ളത്. അത് എത്രയും വേഗം കല്ലിടുവിച്ചുതരണം. ഈ റോഡ് ഇങ്ങനെ കല്ലിടുവിച്ചു തന്നാൽ, അതിലെ നേരെ കൊച്ചിയിൽ പോകാം, ഒരു പ്രയാസവും കൂടാതെ; കൊച്ചിയുടെ തെക്കേ അതിർത്തിവരെ അതായതു വെള്ളത്തുള്ളിവരെ അവർ റോഡ് തീർത്തിട്ടുണ്ട്. പക്ഷേ ചവുക്കയുടെ അടുത്ത് ഒരു ചങ്ങാടം മാത്രം വേണം. അതുപോലെതന്നെ തിരുമല—മാക്കേ കടവു റോഡു. ഈ രണ്ടു റോഡിൻെറ കാര്യം പ്രത്യേകം ഗൗനിക്കണം.

Mr. K. S. Joseph: Sir, I rise to oppose the grant. I mean to censure certain actions of Government. In the first place, I mean to do it as a protest against the promulgation of certain rules which make it impossible for one section of His Highness' subjects to enjoy the solace and consolation of their religion. One section of the subjects means the Christians. Certain rules have been promulgated recently. Mr. Chandy referred to them and therefore I do not want to refer to those figures in detail. But one or two very curious points have been

raised in this House. One is that no church should be built within one mile of a temple or mosque.

President: The main objections that Government receive for the construction of churches is not from Hindus or Muslims but from Christians. I have asked my office to make that clear and point out how many objections are received from Hindus, Muslims and Christians separately in regard to the construction of churches. Honourable members will realise that the objection is mainly very largely on the side of Christians.

Mr. K. S. Joseph: It is very unfortunate if that is the case.

President: Now that this question has been raised I want to go to the bottom of it and make it clear. The main objection is either from the Catholics or the Orthodox party. If a Roman Catholic church is to be built, the Syrian church will oppose it. They will say that the aim of the Roman Catholics is not to convert the Hindus but other Christian denominations to their faith and therefore they oppose. Figures are being collected and having regard to the opposition that is now being started, I propose to publish the names of all those people who protested against the construction of such churches so that the world may know that the objections to the construction of churches came from Christians and not from Hindus.

Mr. K. S. Joseph: I understand that one denomination has been fighting against the other.

President: All the other sections oppose the Roman Catholic church. The Jacobites oppose the Syrian Catholics, the Orthodox oppose the Protestants and the Salvation Army churches are generally opposed by every body. I am getting a large number of such objections and all these are being collected; and I am going to publish it.

Mr. K. S. Joseph: I wish to point out here that right from olden days churches and temples have been erected side by side and without any trouble they have been going on. I wish to point out the instances at Piravom, Thevalakara and Kalluppara.

Mr. A. N. Satyanesan: അന്നു് ഇന്നത്തെപ്പോലെ വർഗ്ഗീയമത്സരം ഉണ്ടായിരുന്നോ?

Mr. K. S. Joseph: I do not know that. I was not living then. Even in the city of Trivandrum we have the Roman Catholic Church and the mosque and a temple existing side by side in the cantonment.

President: That is not the case in Trivandrum alone. There are many such places in India and elsewhere. Hindus donate largely to the mosques at Rajaputana and the Punjab. In Kanjipuram for instance there is a temple and a mosque side by side. There was a time when there was no difficulty in that matter. It is only quite recently that these feelings have arisen and now it is quite accute. and the possibility of having a temple and a mosque side by side, is very distant now. Take, for instance, the temple at Ajmir. There is an important mosque there. The main income from that mosque, comes from Hindus. Rose flowers and petals from the shrine are given by the Head of the Ajmir Mosque. That is considered as a specific for the curing of certain diseases. Therefore the rose given from there is regarded by everybody—Christians, Mohammadans and Hindus as holy. Similarly, with regard to the Mohammadan Mosque at Nagoor in the Tamil Nad. Out of the total income of Rs. 3 lakhs more than Rs. one lakh comes from Hindus. Many of the Rajas of Tanjore have donated to that mosque. Then take the case of Sringeri Matom. When Tippu Sultan was fighting the British Government, he lost one battle and there upon he gave lands yielding Rs. one lakh per year to His Holiness Sri Sankaracharia at the Sringeri Matom. The next battle was won by Tippu which is chronicled on the walls of Seringapattam. Therefore the present day income of Sringeri Matom is mainly from an endowment given by Tippu Sultan. I mentioned to certain Ecclesiastical dignitories about 2 or 3 instances of applications and the oppositions received. It was a matter of surprise to me that the ,opposition came from the Christians themselves. There is no doubt that today the spirit of fighting between Religious communities is very strong. At no time did the Hindus want to convert others to the Hindu faith as now. But today, all over the world it is clear that Hindus want to convert people from other religious to Hinduism. Apparently, it may be partly due to secular and partly to religious reasons. Whereas the number of Muslims was 40 per cent in Bengal 60 years ago, it is 66 per cent today. It is mainly due to conversion. People in the Punjab and the United Provinces want others to be reconverted. The same thing is taking place here also. An attempt is made by the Hindus to reconvert Christians to Hinduism. There is a different spirit in the country today from what it was sometime ago. Honourable members must bear that in mind.

Mr. K. S. Joseph: But the point is this. If as my friend Mr. Chandy said there are already 9250 temples.

President: That is not correct There are only 2000 temples.

Mr. K. S. Joseph: These are figures taken from the latest Census report.

President: I have got the latest figures for this specific purpose. I shall give the exact figures if necessary. That is published in the Travancore Government Gazette. If Mr. Chandy or anybody else can prove it to be false, he can do so. If there is a Kavu in one's compound, probably that might not have been included.

Mr. K. S. Joseph: Private temples are included.

President: Church is not private. mosque is not private and temples are not private properties and therefore cannot be excluded from the list of places of public worship.

Mr. K. S. Joseph: Unfortunately, the difficulty is this. In the case of Christians they believe in common worship. But in the case of Hindus, each person goes before the deity and worship, so that common worship is not necessary in their case. Whether temples are private or public, it does not make much difference.

President: Private temples are temples to which the public have not got any access. If there is a private temple, he can invite all his neighbours to come in to the temple. That is not a public religious endowment. In the case of a private temple, any member of the family can refuse admission to anybody whom he does not like. As a member of the bar, Mr. Joseph knows that Section 92 of the C. P. C. does not provide private temples to come within the jurisdiction of Goverment or any body else.

Mr. K. C. Chandy: May I point out that the existence of private temples is accepted as objection to the erection of churches?

Mr. K. S. Joseph: The existence of these temples is the main objection to the building of churches. I may also point out that there is no rule restricting the building of such private temples. Very recently a temple was built at Pettah.

President: Some restrictions apply to them also. Not more than ten temples have been built within the last 5 years.

Mr. K. G. Kunjukrishna Pillai: Sir, these rules apply to temples, mosques and churches.

Mr. K. S. Joseph: There are so many temples, churches and nearly 2000 schools. There are in all 5000 public institutions. If this rule is to be enforced it may be impossible for

[Mr. K. S. Joseph.]

Christians to have further churches. Unfortunately, as years go by, the number increases and therefore it may not be possible for all of them to worship in the old churches and therefore new churches will have to be built. If this Rule continues, it will be impossible to have any more churches.

Closely following is the other rule that if there are not 100 families of a particular denomination, churches cannot be allowed. This will be particularly impossible in the case of taluks like Pathanamthitta and Pathanapuram where people go to the hilly parts for cultivation purposes six or seven miles away from other settlements. If they are denied the chance of building churches, that means that they will go without any worship at all on sundays.

President : Would he suggest any other number 5 or 10 families ?

Mr. K. S. Joseph : It is very difficult to fix a number like that. It depends upon each particular locality.

President : Or in other words all churches that are asked for must be granted ?

Mr. K. S Joseph : It depends upon the distance of the place from other churches. I do not wish to enter into the details as it has been dealt with by my friend already.

I must point out the difficulties with regard to the cemeteries also. So far there is nothing to prevent a person from burying the dead body of the members of his family in his own compound.

Mr. S. John : From an hygenic point of view, is it not very injurious ?

Mr. K. S. Joseph : It may or may not be. But I do not know of any rule which prevents a man from burying the dead body of his own people in his own compound. If there is any one like that, I should like to know it.

President : It will come under the Penal Code.

Mr. K. S. Joseph : That is being done every day.

President : They may do it. But if a prosecution is launched there is little doubt that they will be properly dealt with. In the old Nair Tarwards, there is always a large compound and in one corner of it the cremation took place. But under modern conditions life in the towns is more or less congested. If any body were to bury the dead body ten or 12 feet away from a house, it will be a sort of nuisance. I am not talking of villages, but of towns.

Mr. K. G. Kunjukrishna Pillai : Sir, may I point out that the new Public Health Act contains a number of provisions prohibiting suoh burials ?

Mr. K. S. Joseph: In the case of Christians they must bury their dead in consecrated places. In the Municipal areas there are places conserved for it. The Municipalities have made rules whereby such places are conserved. Therefore, so as Municipalities are concerned, there is no difficulty. It is in the case of villages and rural places that the difficulty arises. If cemeteries are not allowed, we do not know what to do. We will have to bury the dead in a place consecrated irrespective of the consequences that might follow.

Mr. A. N. Satyanesan: ഗ്രാമപ്രദേശങ്ങളിലെ ക്രിസ്ത്യാനികൾ അവരുടെ സ്വന്തം സ്ഥലങ്ങളിൽ ശവസംസ്കാരം ചെയ്യുന്നില്ലേ?

Mr. K. S. Joseph: അങ്ങനെ ഉള്ളതായിട്ട് എനിക്കറിവില്ല.

Mr. A. N. Satyanesan: ഞങ്ങളുടെ നാട്ടിൽ അതു ധാരാളം നടക്കുന്നുണ്ട്.

Mr. K. S. Joseph: Not among the Christians that I know. Therefore, I suggest that these rules may be withdrawn. Another point on which I wish to censure Government is what seems to me an attempt to tamper with the judiciary. I make this point particularly with reference to the High Court. I know of a case where a Judge worked in the High Court for three years and then retired as a District Judge.

President: Does the honourable member suggest that it is tampering with the judiciary?

Mr. K. S. Joseph: I will explain. I know of another Judge who worked for nearly two years and on his own request went back as District Judge. I really cannot see why these Judges are not confirmed after a period of six months for which they have been acting in the place of the permanent incumbents. I suggest that the result would be that these Judges without themselves knowing, will have a bias in favour of the executive. Because,...........

President: Order, order. I cannot allow that statement to pass. It is one of the most serious statements made against any Government and it cannot be allowed to pass without contradiction. In the case of Mr. Sathyanesan, who was a Judge here for some time, there was no doubt of his confirmation because the Government had the highest regard for his integrity and ability. He himself came first to the Chief Justice and then to me and said that the health of his wife was such, that his own health was such that Trivandrum would not suit him. He could not stay in Trivandrum in the interest of his health and of his wife's health. While knowing the embarassment that he would cause to Government by asking for permission to cease to be a High Court Judge and to go back as District Judge, he asked me that I should give him permission to do so. I pointed out that his action will be

[President.]

misconstructed and that the criticisms like those which we now hear on the floor of the House will be made. He said that at all costs—if necessary he would make a public statement—in the interests of his health, he wished to go back and therefore in his own interest he was transferred as District Judge. What is the other gentleman's name ?

Mr. K. S. Joseph : Mr. K. K. Lukose. He acted for three years as Judge of the High Court and retired as District Judge.

President : What was the diffiiculty about that ? He did not make any complaint. This is the first time that I hear of such a complaint.

Mr K. G. Kunjukrishna Pillai : He could not be confirmed, because he was working in an acting vacancy. The honourable member should have known these facts before he makes insinuations.

President : The honourable member started by saying that he was going to censure the Government and therefore I regard his speeches as a censure on Government and I have to take a vote of the House on the matter. I have no objection to Government being censured but the position is this. Mr. Lukose was the husband of Mrs. Lukose who was very specially treated and for that matter this Government had the highest possible respect, for her. She was made the Surgeon General for the first time in the history of India—a woman being made a Surgeon-General.

Mr. K. S. Joseph : I did not mean personalities.

President : When the honourable member refers to personalities, I have to answer.

Mr. K. S. Joseph : I refered to personalities because you asked for it.

President : It is cowardly to make a statement of the kind on the one side and not to expect a defence on the other. The honourable member said that there were two cases of tampering with the judiciary. A graver crime against any Government cannot possibly be alleged and these cases are with regard to Mr. Lukose and Mr. Sathyanesan. Mr. Sathyanesan wanted to go back at his own request because of his health and of his wife's health. Mr. Lukose was the husband of Mrs. Lukose. Mrs. Lukose was specially appointed as Surgeon-General—the first woman and the only woman in India who was appointed as Head of the Medical Department. Therefore there was no particular reason for any hostility towards Mr. Lukose. Mr. Lukose acted as a Judge of the High Court during a period when there was only an acting vacancy. Then, when his period of tenure was over, he got special permission entitling him to add four years to

his service. He was not entitled to it and he himself admitted it but four years' service added on the ground that he was recruited from the Bar, whereas, as a matter of fact, he was only indirectly recruited from the Bar. To this date, he has not complained.

Mr. K. S. Joseph: I mentioned the names because the President asked for the names. I am not very much concerned with the names but I am concerned only with facts. I am concerned only with facts, *viz.*, the confirmation of Judges after a period of six months.

President: When there is no vacancy?

Mr. K. S. Joseph: I understand that Judges are appointed in leave vacancies and when the leave has expired I cannot see why they cannot be confirmed. I know of a case of a Judge who has been confirmed after one or two years of service, even when vacancies were not there. Therefore I suggested that so long as these people are not confirmed, they have, without their knowledge, a chance of being biassed in favour of the executive Government. That is the suggestion that I made. It was not one of personalities but one of generalities.

President: You meant it was a censure. Was it?

Mr. K. S. Joseph: Yes. Not only in the Judicial Department but in other Departments also, this question of confirmation has always given me a lot of misgiving. I cannot see why when leave vacancies expired and a man has been in office for six months and if he is not found unfit, he should not be confirmed. I have very grave doubts that this causes the officers to be biassed in favour of the executive Government.

President: You want the executive officers to be biassed in favour of the Government or Don't you?

Mr. K. S. Joseph: I do not say that.

Thirdly, I refer back to the point at which I was challenged by the Dewan for a division—the wrong advice given to the Sovereign in the matter of legislation.

Mr. K. G. Kunjukrishna Pillai: May I put a question to the honourable member? What is the point in this legislation? Legislation is done by means of Proclamation by the Sovereign or through this House. They are destinct and independent of

[Mr. K. G. Kunjukrishna Pillai]

each other. What is the point that the honourable member wants to make with regard to this?

President: He wants everything to pass through the Legislature.

Mr. K. G. Kunjukrishna Pillai: The Act itself does not provide for it.

Mr. K. S. Joseph: What I want is this. The Sovereign delegated the powers of legislation.

President: He has not delegated. There are certain laws which can not be brought before the House. He still retains the right of legislation completely.

Mr. K. S. Joseph: I do not deny that, but what I mean is this. As a rule, when the legislatures were brought into existence, the general laws would be enacted through the legislature.

Mr. K. G. Kunjukrishna Pillai: Where is it mentioned?

Mr. K. S. Joseph: In the first legislature.

Mr. K. G. Kunjukrishna Pillai: Please read.

Mr. K. S. Joseph: I have not got a copy. I shall forward it to the honourable member later.

Up to 1112, most of the legislation, I see, did come through the House but during the last five or six years, moral laws,......

President: Order, order. Does not the honourable member see that twenty or thirty Laws have been passed by the Government of India and at once brought into force because of war time, and uniformly administered throughout India? Honourable members will find that about 80 per cent. of the cases are those of war legislation.

Mr. K. S. Joseph: I follow that and I do grant that some of them were emergent laws. But as I pointed out yesterday, in such a case, the Dewan has the power of drafting a Bill and put into force as law and in the meanwhile to get it ratified by the legislature. It is because this provision has been a dead letter that I had to point out this matter. That provision has not so far been used in the course of these twelve years. If Bills were brought before the House for legislation, I would have absolutely no ground for complaint. My complaint is that the powers given to the legislature were not fully respected by the executive Government. That is what I meant by saying wrong advice was given to the Sovereign. In the matter of the new constitution also, I level the same charge on the Government.

President: It is entirely the work of the Sovereign. It was a proclamation made by the Sovereign and I cannot allow any discussion on the proclamation.

Mr. K. S. Joseph : I have not seen the Proclamation.

President : The honourable member knows that His Highness has stated that He is going to issue a Proclamation on the following lines. That is an intention evinced by His Highness and he is going to legislate by means of a Proclamation on the basis indicated in the Comminque.

Mr. K. S. Joseph : I have not seen such a message either.

President : If he has read the Communique he will know what it says. Has the honourable member got the communique before him ?

Mr. K. S. Joseph : No; in the Communique it is stated that His Highness has accepted the advice of.........

President : No, no.

Mr. K. S. Joseph : Let me explain. During the last meeting of this House I sent a motion for adjournment about the proposal put forward by Government. That was ruled out on the ground that constitution cannot be discussed here.

President : Yes, that is so.

Mr. K. S. Joseph : I quite understand that but I could not understand that it was His Highness' Proclamation.

President: There was the Communique which was published......

Mr. K. S. Joseph : There was a Communique published and after reading it, I do not feel that it was a Proclamation of His Highness.

President : The honourable member might take some other subject.

Mr. K. S. Joseph : The next point that I want to deal with is controls. The controls have not been worked to the best advantage. In this connection I had sent an interpellation asking for the number of cases that were detected for infringing control Laws in the matter of Food, Cloth, etc

President : Here is the Communique: "In view of the Political and Social developments that are taking place throughout the world, etc.,. etc. His Highness intends to inaugurate certain constitutional reforms whose main features will be as follows......"

Mr. K. S. Joseph : It is a statement of Government.

President : It is a declaration by His Highness which this Government communicates to the country at large. This is the Press Communique of Government which says : "His Highness proposes to promulgate........". That means that as messengers or as agents of His Highness, Government proclaim

[President]

His Highness' intentions. The matter was made perfectly clear, and I do not know how anybody could have had any doubt about it. "His Highness intends to inaugurate constitutional arrangements whose main features will be as follows:......". That is what it says. Therefore, His Highness' does so is clear. The position of the Dewan *vis a vis* the legislature, and the President is indicated, and the Communique makes it clear that it is going to be an act of His Highness.

Mr. K. S. Joseph: There is no doubt.

President: It is not a Communique of the Government. It is entirely the intention of His Highness communicated to his people through the Government. If His Highness sends a message that cannot be discussed. That communique is a message to his people by His Highness.

Mr. K. S. Joseph: By reading it, I do not understand it that was, and that is why I made this remark.

President: I think he understands it now.

Mr. K. S. Joseph: I may accept that as a ruling.

President: This is the ruling. Reading the communique the chair has no hesitation in coming to the conclusion that the communique embodies a message of His Highness conveyed to his people through the Government and therefore those provisions cannot be discussed on the floor of this House nor can Government be stated to have given right advice or wrong advice because that is anticedent to that message.

Mr. K. S. Joseph: I accept that as a ruling.

Mr. G. Ravi Varma: A time limit may be fixed.

President: I have told him that the time occupied by me will be deducted.

Mr. K. S. Joseph: I would not be wrong if I say that the Government did advise His Highness and for that advice I can censure the Government.

President: So you presume that the Government gave advice which culminated in a message and that therefore you censure it.

Mr. G. Ravi Varma; That also is not advisable to be discussed here because.........

President: He can censure the Government.

Mr. G. Ravi Varma: For giving wrong advice to His Highness the Maharaja? I protest against that kind of statement.

Mr. K. S. Joseph: The convention is that has been developed as I understand from the Government publications is that the Sovereign acts only on the advice of the Dewan.

President : Excepting where the Sovereign acts by himself—the proclamations of the Sovereign are the sovereign's acts. It is not a question of the Dewan ; the moment the proclamation is made by His Highness, it is His Highness. If he gives a message to the House it his message. That is the position.

Mr. K. S. Joseph : That is not the position. Generally His Highness does not act except on the advice of the Dewan. Of course I am not questioning the powers of His Highness nor do I mean to do so.

Then I come to question of control. I sent an interpellation asking for the number of cases detected for infringement of control laws in respect of food and cloth. I have not had an answer yet. I saw in the newspapers, cases of prosecutions in case of other control laws but I found very few in respect of those two items. I suggest that Government have not been vigilant enough in this matter and that therefore a lot of black marketing has been going on. The distribution has been very bad. From the month of Kumbhom till the end of Edavom, my constituency—Tiruvalla taluk—was getting only 30 per cent of the basic ration allotted to it, even though the Dewan, on the 7th February last, proclaimed that we had enough food for seven months.

Coming now to textiles, I am unable to see why even now applications made in 1119 for licenses for vending in cloth are still pending. I have seen such applicants coming to me and in some cases I have written to the Textile Commissioner asking why these licenses could not be given and recommending that such licenses could be given. The distribution of cloth is also very unsatisfactory. In rural parts, where people have very little use for coating, sarees and double dhoties, they get them in abundance, while the people who require these urgently are very poorly supplied while in the towns.........

(President's bell).

Mr. N. Narayana Kurup : സർ, ഗവൺമെന്റിന്റെ ഭരണനയത്തെയും, മഹാരാജാധികാരം ഉപയോഗിച്ച് ഉണ്ടാക്കിയിട്ടുള്ള നിയമാവലികളേയും ഞാൻ അനുകൂലിക്കുന്നു.

സർ, തിരുവിതാംകൂർ ഒരു വർഗ്ഗീയവൈരവിപത്തിലേക്ക് പ്രയാണം ചെയ്തുതുടങ്ങിയിട്ട് അഞ്ചാറുകൊല്ലമായിട്ടുണ്ട്. വർഗ്ഗീയതത്വങ്ങൾ യാതൊന്നുംതന്നെ ഇല്ലെന്നു ഭാവിച്ച് പൊതു രാഷ്ട്രീയതത്വങ്ങൾക്കു വേണ്ടി വർഗ്ഗീയചിന്തകളും മറന്നു പ്രവർത്തിക്കുമെന്ന് ജനങ്ങൾക്കു ഉറപ്പു നൽകി ഖദർ ചട്ടയിട്ട് ഇറങ്ങുന്നവർപോലും അവരവരുടെ വർഗ്ഗത്തെ

[Mr. N. Narayana Kurup]

സ്പർശിക്കുന്ന കാര്യങ്ങൾ വരുമ്പോൾ നിയമസഭയിൽ തനി വർഗ്ഗീയത്വം ചർച്ചിക്കുന്നതായി പലപ്പോഴും ഇവിടെ കണ്ടുവരാറുണ്ട്. ഒരു രാജ്യത്തെ നിയമം സാധാരണയായി എല്ലാവരേയും ഒരുപോലെ ബാധിക്കുന്നതാണു. അതുപോലെതന്നെ എല്ലാവരേയും കാത്തുരക്ഷിക്കേണ്ട ചുമതല ഗവണ്മെന്റിനുള്ളതുമാണെന്ന ബോധം ഈ രാജ്യത്തെ എല്ലാവർക്കും ഉണ്ടെങ്കിൽ പൊതുജനങ്ങളേയും വിശേഷിച്ച് എല്ലാ വർഗ്ഗക്കാരെയും ഒരുപോലെ ബാധിക്കുന്ന നിയമം ഉണ്ടാകുന്നതിൽ ഖേദിക്കേണ്ട ആവശ്യമില്ല. തിരുവിതാംകൂറിലെ ൩൭ ലക്ഷം ഹിന്ദുക്കൾക്കുണ്ടായിരുന്ന പതിനയ്യായിരം ദേവാലയങ്ങൾ ഇന്നു മൂന്നിലൊരു ഭാഗമായിക്കുറഞ്ഞിട്ടുണ്ട്. അതിനു ഹിന്ദുക്കൾ യാതൊരു വഴക്കും ഉണ്ടാക്കുന്നില്ല. ഈ ദേവാലയങ്ങൾ പോയതിൽ ഞങ്ങൾ പരാതി കൊടുത്തിട്ടുമില്ല. ഈശ്വരനെ ഭജിക്കാൻ എല്ലാവർക്കും സ്വാതന്ത്ര്യവും അവകാശവുമുണ്ടു. അവർക്കു ഈശ്വരനെ ഭജിച്ചാൽമാത്രം മതി. അതുമാത്രമേ ഉദ്ദേശമുള്ളെങ്കിൽ ഈ വഴക്കിന് ഇന്നു സാംഗത്യമില്ല. ക്രിസ്ത്യാനികളെ സംബന്ധിച്ചാണെങ്കിൽ ഇന്നു മുക്കിന് മുക്കിന് പള്ളികളുണ്ട്. എന്റെ നാട്ടിൽതന്നെ തൊട്ടുതൊട്ടു പള്ളികൾ വച്ചിട്ടുണ്ട്. വർഗ്ഗീയവൈരവും പരാതികളും ഉണ്ടാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയല്ലെങ്കിൽ ക്രിസ്ത്യാനികൾക്കു ഇക്കാര്യത്തിൽ യാതൊരു പരാതിക്കും അവകാശമില്ല. ഇവിടെ ക്രിസ്ത്യാനികൾ ധാരാളം പള്ളികൾ ഉണ്ടാക്കിയിട്ടുള്ളതിൽ ഞങ്ങളാരും പരാതിപ്പെട്ടിട്ടുമില്ല. ഇന്ന് വർഗ്ഗീയവൈരം പുലർത്തിപോരുന്നതു് പള്ളികളിലും ദേവാലയങ്ങളിലും കൂടിയാണ്. വിശേഷിച്ചു അതു മതത്തിന്റെ പേരിലാണു നടത്തപ്പെടുന്നതു്. തൻമൂലം പലവിധത്തിലുള്ള കലാപങ്ങളും അസ്വാസ്ഥ്യങ്ങളും ഉണ്ടാകയും ചെയ്യുന്നു.

Mr. K. S. Joseph: അങ്ങനെ എവിടെ എങ്കിലും ഉണ്ടായിട്ടുണ്ടോ ?

Mr. N. Narayana Kurup: പലയിടത്തും ഉണ്ടായിട്ടുണ്ട്. യോഗ്യന്മാരിടപെട്ടിടത്തു അടിയും മറവും ഉണ്ടായിട്ടില്ലായിരിക്കാം.

ഒരുക്രിസ്ത്യാനിയുടെ പള്ളിക്കടുത്തു് ഒരു ഹിന്ദുദേവാലയമോ മഹമ്മദീയ ദേവാലയമൊ വരികയും മതത്തിന്റെ പേരിൽ പ്രചരണം നടത്തുകയും ചെയ്യുമ്പോൾ സമുദായങ്ങൾ തമ്മിൽ വൈരമുണ്ടാകയും സമാധാനലംഘനമുണ്ടാവുകയും സംഭാവ്യമാണു. ഇന്നത്തെ വർഗ്ഗീയചിന്ത

കളും വൈരാഗ്യ പ്രസംഗങ്ങളും പള്ളിമുററങ്ങളിലെ യോഗങ്ങളും ഹൈന്ദവരുടെ എതിർ യോഗങ്ങളും പ്രസംഗങ്ങളും തുടർന്നു ചിലടത്തുനടന്ന അക്രമങ്ങളും എൻെറ അഭിപ്രായത്തെ ബലപ്പെടുത്തുന്നു. ഹിന്ദുവായാലും ക്രിസ്ത്യാനിയായാലും, മഹമ്മദീയനായാലും മതത്തിൻെറ പേരിൽ പ്രചരണം നടത്തുമ്പോൾ കലാപങ്ങളുണ്ടാകും.

President: The total number of temples of all the types, is 3302 at present.

Mr. N. Narayana Kurup: സർ, അതുകൊണ്ടു ഒരു മൈലിനകത്തു ഹിന്ദുവിൻെറയായാലും, ക്രിസ്ത്യാനിയുടേയായാലും, മഹമ്മദീയൻെറയായാലും ഒരു ദേവാലയത്തിൽ കൂടുതൽ വയ്ക്കാൻ പാടില്ലെന്നു തിരുവിതാംകൂറിൽ നിയമമുണ്ടാക്കിയതു് അത്യാവശ്യമായിട്ടുള്ളതാണു്. അതിനെ അപലപിക്കാൻ യാതൊരു ന്യായവും എൻെറ ദൃഷ്ടിയിൽ പെടുന്നില്ല. ഒരു നാട്ടിൽ അടുത്തടുത്തു് പള്ളിവച്ചു് അവിടെയെല്ലാം ശവദാഹം നടത്തണമെന്നുവന്നാൽ ആരോഗ്യപരമായ അടിസ്ഥാനങ്ങളിൽകൂടിയും അതിനെ തടയേണ്ടതു് സ്റ്റേററിൻെറ ഉത്തമതാൽപര്യങ്ങൾക്കു് അത്യന്താപേക്ഷിതമാണു. ഇതനുവദിക്കുന്നപക്ഷം അതു ആരോഗ്യപരമായി ജനങ്ങളോടു ചെയ്യുന്ന ഒരു അനീതിയായിരിക്കും. ആരോഗ്യത്തിനു ഹാനികരമായ ഈ ഉദ്യമത്തെ തിരുവിതാംകൂർ ഗവണ്മെൻറു് അനുകൂലിക്കുമെങ്കിൽ അതു് പരിതാപകരമാണു്.

Mr. Paul A. Thaliath: ക്രിസ്ത്യാനികൾക്കു ശവദാഹമില്ലെന്നറിയാമോ ?

Mr. N. Narayana Kurup: ശവദാഹമില്ലെങ്കിൽ വേണ്ട. ശവം കുഴിച്ചിടുകയായിരിക്കും ചെയ്യുന്നതു്. പെട്ടിയിൽവച്ചാലും കല്ലറയിൽവച്ചു് കുഴിച്ചിട്ടാലും എന്തുതന്നെയായാലും ശവം ശവം തന്നെയാണു്. പള്ളിക്കകത്തു കുഴിച്ചിട്ടാലും വെളിയിലായാലും ശവം ശവംതന്നെ. അങ്ങനെയുള്ള ശവങ്ങൾ ധാരാളം ഒരു മൈലിനിടയ്ക്കു മുക്കിനു മുക്കിനു കുഴിച്ചിടുകയെന്നുവന്നാൽ അതു് ഒരു വിധത്തിലും നീതീകരിക്കത്തക്കതല്ല. അങ്ങനെ വന്നാൽ ക്രമേണ തിരുവിതാംകൂർ ഒരു ശവക്കോട്ടയായി പരിണമിക്കും. അതിനിടയാക്കുന്ന ഒരു സൌജന്യം ഒരു സമുദായത്തിനും അനുവദിക്കാൻ പാടില്ലെന്നാണെൻെറ അഭിപ്രായം.

Mr. K. S. Joseph: പിന്നെ എന്തുചെയ്യണമെന്നാണു് മെംബറുടെ അഭിപ്രായം ?

Mr. N. Narayana Kurup : ഗവൺമെന്റിന്റെ നിയമമനുസരിച്ചു ചെയ്തുകൊള്ളണമെന്നുമാത്രം അതു് എല്ലാ സമുദായങ്ങളേയും ബാധിക്കുന്നതാകയാൽ അതിനെ അനുസരിക്കണമെന്നാണു് ഈ മെമ്പറുടെ അഭിപ്രായം.

Mr. K. S. Joseph : ഞങ്ങളുടെ ശരീരം എന്തുചെയ്യണമെന്നാണു് മെമ്പർ ഉപദേശിക്കുന്നതു് ?

Mr. N. Narayana Kurup : മററു സമുദായക്കാർ എങ്ങിനെ ചെയ്യുന്നോ അതുപോലെ ചെയ്യണം. എന്നിട്ടും ഇഷ്ടമില്ലെങ്കിൽ ഇവിടെ അങ്ങുമിങ്ങും മുകളിലും മൂലയിലും കലഹിച്ചിട്ടാലും വിരോധമില്ലെന്നറിയാമല്ലോ. ഹിന്ദുദേവാലയങ്ങളുടെ കാര്യത്തിൽ ആ സമുദായത്തിൽപ്പെട്ടവർ തമ്മിൽതന്നെ ഒരു പരാതിയും പറയുന്നില്ല. ഒരു പ്രത്യേക സമുദായം വർഗ്ഗീയവൈരം പുലർത്താൻ തുടങ്ങുന്നതോർക്കുമ്പോൾ തിരുവിതാംകൂറിൽ എങ്ങനെ ജീവിക്കണമെന്നുള്ള കാര്യംതന്നെ വളരെ ഭയങ്കരമായി തോന്നുന്നു. ഈമാതിരി ഗൗരവമായ കാര്യങ്ങളിൽ ഉദ്ദേശസിദ്ധിയുണ്ടാകാത്തതുകൊണ്ടായിരിക്കും ഗവൺമെന്റിന്റെ നയത്തിൽ അവിശ്വാസമുണ്ടെന്നു്, മററും എന്റെ സ്നേഹിതൻ മുൻപൊരിക്കൽ പ്രസ്താവിച്ചതു്. ഓരോ മതക്കാർക്കും പൌരനും ഇഷ്ടമുള്ളതെല്ലാം സാധിക്കണമെങ്കിൽ അതു സാദ്ധ്യമാകയില്ല.

Mr. K. S. Joseph : I object to this statement. I mean simply that personalities do not matter, but policy matters.

President : Order, order. Honourable member referred to personalities and said that there were instances of tampering with Justice. Instances mean personalities.

Mr. N. Narayana Kurup: രണ്ടു് ഹൈക്കോട്ട് ജഡ്ജിമാരോടു് ഗവൺമെൻറു് അനീതി കാണിച്ചെന്നും ഇവിടെ പ്രസ്താവിക്കുന്നതു കേട്ടു. ഇതു കേട്ടാൽ ഈ രണ്ടു മഹാരഥന്മാർ ഗവൺമെൻറു നിർദ്ദേശമനുസരിച്ചു പ്രവർത്തിക്കുന്നവരായിരുന്നെന്നും അതിൽ വിരോധപ്പെട്ടു് ഗവൺമെൻറു് അവരോടു അനീതിയായി പെരുമാറിയെന്നും ഒരു insinuation ജനങ്ങളുടെ ഇടയിൽ പരത്താനുദ്ദേശിക്കുന്നതായി തോന്നിപ്പോകും. ഗവൺമെൻറു അപ്രകാരം ഏതെങ്കിലും നിർദ്ദേശം കൊടുത്തിട്ടുണ്ടെങ്കിൽ ഗവൺമെൻറിന്റെ ഹിതത്തിനു എതിരായി ഒരുദ്യോഗസ്ഥൻ പ്രവർത്തിച്ചുകാണുമെന്നു വിശ്വസിക്കാൻ ന്യായംകാണുന്നില്ല. അല്ലാതെ നിർദ്ദേശിമനുസരിച്ചിട്ടുണ്ടെന്നു അവർ തുടർന്നുദ്യോഗം വഹിച്ചിരുന്നതിൽ നിന്നു അറിയാനും സാധിക്കും. ഉദ്യോഗനിയമനവും സർവ്വീസുനിയമവുമനുസരിച്ചു് ചില ഉദ്യോഗസ്ഥന്മാർക്കു് കിട്ടാനർഹതയില്ലാത്തതു കിട്ടാത്തതിനും, ഒരു ഉദ്യോഗസ്ഥന്റെ ഹിതാ

നുസരണം ചില ഉദ്യോഗസ്ഥലം സ്വീകരിക്കുന്നതിനും ഇടയായത്, ഗവൺമെന്റിനു കുററം വരുന്നതെങ്ങിനേയാണെന്നറിയുന്നില്ല. ആ മാതിരിക്കാര്യങ്ങളിലും, ഉദ്യോഗസ്ഥന്മാർക്കു പരാതിയുണ്ടായതായികേട്ടില്ല. സമുദായമാണ് വലുതു പിടിച്ചു ഹാജരായിരിക്കുന്നതും ഗവൺമെന്റുനയത്തിൽ പ്രതിഷേധിക്കുന്നതിന് അതും ഒരു കാരണമാക്കി വാദിക്കുന്നതും. ചുരുക്കിപ്പറഞ്ഞാൽ ഈ നിയമസഭകളിൽ ഇപ്പോൾ അധികസമയവും ഒരു സമുദായത്തിന്റെ സമുദായ വാദത്തിനും അതിനുള്ള സമാധാനത്തിനും മാത്രമായിട്ടു വിനിയോഗിക്കപ്പെടേണ്ടിവരുന്നതിൽ വ്യസനിക്കാതെ തരമില്ല.

ഗവൺമെന്റിനോടു ജനങ്ങൾക്കു അതൃപ്തി തോന്നുന്നതു കീഴുദ്യോഗസ്ഥന്മാരുടെ നയവൈകല്യംകൊണ്ടാണ്. ഗവൺമെന്റിന്റെ നയങ്ങൾ നല്ലതാണെങ്കിലും നിയമങ്ങൾ പാലിക്കുന്ന ഉദ്യോഗസ്ഥന്മാർ, നിയമം നടത്തുമ്പോൾ പല തെററുകളും അതിൽ വരുന്നുണ്ട്. ഇവിടുത്തെ ആഹാരസാധനവിതരണത്തെ സംബന്ധിച്ചു തന്നെ, മുകളിൽനിന്നുള്ള ഉത്തരവുകൾ നോക്കിയാൽ കുഴപ്പമില്ലെങ്കിലും താഴോട്ടു വരുംതോറും അതിൽ പല ന്യൂനതകളും കണ്ടുവരുന്നുണ്ട്. ഈയിടെ കൊല്ലം ഡിവിഷനിൽ ഇതു സംബന്ധിച്ചുണ്ടായ ഉത്തരവുകൾ ഇതിനു ദൃഷ്ടാന്തമാണ്. കൂടാതെ മണ്ണെണ്ണ, പഞ്ചസാര, മുതലായവയുടെ വിതരണവും ഒട്ടും ന്യായമായി നടക്കുന്നില്ല. നാട്ടിൻപുറങ്ങളിൽ അവ കണ്ടിട്ടു നാൾ വളരെയായി. താലൂക്കുകളിലെ തഹശീൽദാരന്മാർ വളരെ ജോലിയുള്ളവരാണ്. അവർ ചെയ്യേണ്ടാത്ത ജോലികളില്ല. അതിനെല്ലാററിനും അവർക്കു സമയവുമില്ല. അവരെ ഈ വിതരണത്തിന്റെ ചുമതലയിൽനിന്നു വിട്ടിട്ട് കാര്യക്ഷമമായി പ്രവർത്തനം നടത്തുന്ന സഹകരണസംഘങ്ങൾക്കു വിട്ടുകൊടുക്കണം. ഇപ്പോഴത്തെ പരിഷ്കാരമനുസരിച്ച്, ഓരോ താലൂക്കിലും മൂന്നും നാലും സഹകരണ സർക്കിളും മൂന്നുനാലു താലൂക്കുകൾക്കു ഒരു അസിസ്റ്റന്റു രജിസ്ട്രാരും ഉണ്ട്. താരതമ്യേന ജോലികുറവുള്ള ഈ ഉദ്യോഗസ്ഥന്മാർ മുഖാന്തിരം വിതരണം നടത്തുന്നപക്ഷം കൂടുതൽ കാര്യക്ഷമതയും സൌകര്യവുമുള്ളതാണു. ഗ്രാമോദ്ധാരണ പ്രവർത്തനവും സഹകരണഡിപ്പാർട്ടുമെന്റിനു വിട്ടുകൊടുക്കേണ്ടതാണു. താലൂക്കുകമ്മിററികൾക്കു വിതരണക്കാര്യത്തിൽ കൂടുതൽ അധികാരമുണ്ടായിരിക്കേണ്ടത്യാവശ്യമാണു. സഹകരണഡിപ്പാർട്ടുമെന്റുമൂലം വിതരണവും, താലൂക്കധികാരികൾ മുഖേന

[Mr. N. Narayana Kurup.]

ന്യായമായ തരത്തിലുള്ള നെല്ലെടുപ്പും, കൂടുതൽ അധികാരം കൊടുത്ത താലൂക്കു കമ്മിററികളുടെ പരിശോധനയും, കൂട്ടിയിണക്കിയാൽ ആഹാര സാധന വിതരണം സാമാന്യം ഭേദമായി നടക്കുന്നതാണ്.

സർ, പൊതുഭരണത്തെപ്പററി പൊതുവെ ആശങ്കയും അതൃപ്തിയും ഉണ്ടെന്നുള്ള വസ്തുത വിസ്മരിക്കാവുന്നതല്ല. ഇവിടത്തെ ഉദ്യോഗസ്ഥലോകം അവരുടെ അധികാര സീമയിലുള്ള ജനങ്ങളുടെ ആവശ്യങ്ങൾ അറിഞ്ഞു അവ സാധിച്ചുകൊടുക്കുന്നതിനു ന്യായമായി യാതൊന്നും ചെയ്യുന്നില്ലെന്നും, അവർ പൊതുജനങ്ങളുടെ എജമാനന്മാരായിട്ടാണ് ഭാവിക്കുന്നതെന്നും, അവർ അഴിമതികൾ കാണിക്കുന്നുവെന്നും, ന്യായമായ നിയമങ്ങൾ പോലും അവർ തെററി പ്രയോഗിച്ചു ജനങ്ങൾക്ക് അവശതകൾ വരുത്തി വയ്ക്കുന്നുവെന്നും പൊതുവെ ജനസംസാരമുണ്ട്. കീഴുദ്യോഗസ്ഥന്മാരുടെ നിയമപാലനവൈകല്യം മൂലം അങ്ങയുടെ ഭരണനയത്തെപ്പോലും ദുർവ്യാഖ്യാനം ചെയ്യുന്നുണ്ട്. അതിനാൽ ഉദ്യോഗസ്ഥന്മാരുടെ അഴിമതികളെപ്പററി അന്വേഷിക്കുന്നതിന് ഒരു അനുദ്യോഗസ്ഥക്കമ്മററി ഏർപ്പെടുത്തേണ്ടതാണ്.

ഭക്ഷണസാധനങ്ങൾ, പഞ്ചസാര, മണ്ണെണ്ണ മുതലായവ നാട്ടിൻപുറങ്ങളിൽ ശരിയായ വിധം കിട്ടുന്നില്ല. അതിന്റെ വിതരണത്തിൽ പോലും മഹമ്മദുബിൻടാഗ്ലക്കിന്റെ ഭരണനയം പോലെയുള്ള വൈകല്യങ്ങൾ കാണിച്ച് കച്ചവടക്കാർക്കും പൊതുജനങ്ങൾക്കും ബുദ്ധിമുട്ടും ഉപദ്രവവും അങ്ങയുടെ ഉദ്യോഗസ്ഥന്മാർ ഉണ്ടാക്കുന്നുണ്ട്.

ഈയിടെ കൊല്ലം ഡിവിഷനിൽപ്പെട്ട സകലതാലൂക്കുകളിലേയും ഭക്ഷണസാധനവിതരണത്തിന് പുതിയ കച്ചവടക്കാരുടെ അപേക്ഷകൾ ക്ഷണിച്ചു. ചതുരശ്രമൈലിന് ഒരു കട എന്ന കണക്കിന് വേണ്ട നമ്പരിന്റെ ഇരട്ടി കച്ചവടക്കാരെ ശുപാർശ ചെയ്തു ലിസ്റ്റയയ്ക്കാൻ ആവശ്യപ്പെട്ടു. അതുകഴിഞ്ഞിട്ട് ഡിവിഷൻ കച്ചേരിയിൽ വച്ചു അവസാന തിരഞ്ഞെടുപ്പു നടത്തുമെന്ന് ഉത്തരവയച്ചു. അടുത്ത ദിവസം അതെല്ലാം നിറുത്തിവച്ചെന്നും, പഴയപടി നടന്നാൽ മതിയെന്നും അറിയിച്ചു. അതിനുശേഷം ٥ ഠ ഠ കാഡുകൾ ഉള്ള കച്ചവടക്കാർക്കു മാത്രമേ റേഷൻ ലൈസൻസു കൊടുക്കാവൂ എന്നായി. പിന്നീടു അതു ൧ ഠ ഠ ആക്കി. ശിക്ഷയോ പിഴയോ ഉള്ളവരെ കച്ചവടത്തിനു വിനിയോഗിക്കരുതെന്നു പറഞ്ഞു, കാഡുവിതരണസമയത്തു അപ്രകാരം ഉള്ളവരെ അംഗീകരിച്ചില്ല. വിതരണം കഴിഞ്ഞപ്പോൾ അവർക്കും കാർഡുകൊടുക്കാമെന്നായി. ഈ നയം ആശാസ്യമല്ല. ഉണ്ണുന്നോ ഉറങ്ങുന്നോ പോലും

